"ഭരണഭാഷ- മാതൃഭാഷ"

22/1/25
10:30 am

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1912/2024 മേലുള്ള 09-12-2024 ലെ ഉത്തരവ്- അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.162/2025/H&FWD തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-

1. ഡോ അനിത 31-07-2024 തീയതിയായി സമർപ്പിച്ച നിവേദനം
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA877/2024 മേലുള്ള 07-08-2024 തീയതിയിലെ ഉത്തരവ്
3. 09-12-2024 ലെ സ.ഉ (സാധാ) നം. 2979/2024/H&FWD
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1912/2024 മേലുള്ള 20-12-2024 ലെ ഉത്തരവ്
5. ബഹു.ഹൈക്കോടതിയുടെ OP(KAT) 562/2024 മേലുള്ള 27-12-2024 ലെ ഉത്തരവ്

**ഉത്തരവ്**

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് അനുവർത്തനം ചെയ്യുന്നതിനായി ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിൽ പരാമർശം (3) ഉത്തരവ് പ്രകാരം സ്ഥലംമാറ്റ നിയമനം നടത്തിയിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ ഫയൽ ചെയ്തിരുന്ന OA 1903/2024 , OA 1912/2024 എന്നിവയിലെ ഇടക്കാല ഉത്തരവ് പ്രകാരം ടി സ്ഥലംമാറ്റ ഉത്തരവ് ബഹു.ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. OA 1912/2024 മേലുള്ള പരാമർശം (4) ഉത്തരവ് പ്രകാരം പരാമർശം (3) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളെയും നേരിൽ കേട്ട ശേഷം പരാമർശം (4) ഉത്തരവിന്റെ പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിക്ക് ബഹു.ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

2. ബഹു.ട്രൈബ്യൂണലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 04-01-2025 ന് പരാമർശം (3) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളെ നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട

വേളയിൽ ടി വ്യക്തികൾ താഴെപ്പറയും പ്രകാരം അറിയിച്ചിരുന്നു.

ഡോക്ടർ പീയൂഷ്

അസിസ്റ്റന്റ് സർജനായി 3.5.1996 ൽ സർക്കാർ സർവ്വീസിൽ ജോലി നേടി.ഡെപ്യൂട്ടി ഡയറക്ടറായി ജോലി ചെയ്തു വരുന്ന അവസരത്തിൽ 12.5.2023 ലെ സ.ഉ(സാധാ)നമ്പർ1137/2023/ആകുവ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടറായി പ്രമോഷൻ ലഭിക്കുകയും അഡീഷണൽ ഡയറക്ടർ(ടിബി) ആയി ചാർജ്ജ് എടുക്കുകയും ചെയ്തു.ഔട്ട് സ്റ്റേഷൻ സർ വ്വീസായി 6 വർഷം ഉണ്ട്. ഹോം സ്റ്റേഷൻ കോഴിക്കോട് ജില്ലയാണ്. ഇപ്രകാരം തിരുവനന്തപുരത്ത് ജോലി ചെയ്തു വരവെ ജില്ലാ മെഡിക്കൽ ഓഫീസർ കണ്ണൂരായി 3.11.2023 ലെ സ.ഉ(സാധാ)2888/2023/ആകുവ പ്രകാരം ട്രാൻസ്ഫർ അനുവദിക്കപ്പെട്ടു . അപ്രകാരം ട്രാൻസ്ഫർ ലഭിച്ച് കണ്ണൂരിൽ തുടരവെ 9.12.2024ലെ സ.ഉ(സാധാ)നമ്പ്ര2979/2024/ആകുവ ഉത്തരവിലൂടെ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി ട്രാൻസ്ഫർ നൽകുകയാണുണ്ടായത്.കണ്ണൂരിൽ മൂന്ന് വർഷം തികഞ്ഞിട്ടില്ല.തനിക്ക് പകരം ഡോക്ടർ രാജാറാം കിഴക്കേകണ്ടിയിലിനെയാണ് കണ്ണൂരിൽ സ്ഥലമാറ്റം നൽകിയിട്ടുള്ളത്.തന്നെക്കാൾ ജൂനിയറായ ഡോക്ടർ ആശാദേവിയെ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറായി നിയമിച്ചു.താൻ ട്രാൻസ്ഫറിനായി അപേക്ഷ നൽകിയിട്ടില്ല . ഈ ട്രാൻസ്ഫർ തങ്ങളെ കേൾക്കാതെയാണ് നടത്തിയിട്ടുള്ളത്. സ.ഉ(അച്ചടി)3/2017/പീആന്റ് എആർഡി തീയതി 25.2.2017 ലെ ഉത്തരവിലൂടെ ട്രാൻസ്ഫർ സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.അത് പ്രകാരം 3വർഷം പൂർത്തീകരിച്ചിട്ടില്ല.മാത്രമല്ല 3 വർഷത്തിന് ശേഷം മാത്രമേ ആ സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ തന്റെ ഹോം സ്റ്റേഷൻ ആയ കോഴിക്കോട് നൽകാതെ മറ്റ് ഒരു ജില്ലയിലേക്ക് നൽകിയത് തന്നെകാൾ ജൂനിയറായ ഡോക്ടർ ആശാദേവിയെ കോഴിക്കോട് നിലനിർത്തുന്നതിന് വേണ്ടിയാണ്. ടിയാൾക്ക് പ്രമോഷനോടൊപ്പം ട്രാൻസ്ഫർ അനുവദിച്ചിട്ട് 2 മാസം ആവുന്നതേയുള്ളൂ. തനിക്ക് ലഭിക്കേണ്ട സ്വാഭാവിക നീതി നൽകിയില്ല എന്നും തന്നെ കേൾക്കാതെ നടത്തിയ ട്രാൻസ്ഫർ ആണ് 9.12.2024ലെ ഉത്തരവിലൂടെ പുറപ്പെടുവിച്ചതെന്നും,അതിനാൽ തന്റെ സർവ്വീസ് സീനിയോരിറ്റി പരിഗണിച്ച് കോഴിക്കോട് ജില്ലയിലേക്ക് ട്രാൻസ്ഫർ നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

ഡോ. ജയശ്രീ.വി

29 വർഷമായി ആരോഗ്യവകുപ്പിൽ ജോലി ചെയ്തു വരുന്നു .12 വർഷം ഔട്ട് സ്റ്റേഷൻ സർവീസുണ്ട്. എറണാകുളം ജില്ലായാണ് സ്വദേശം. 17.7.2017ലെ സ.ഉ(എം എസ്) 1691/2017/ആകുവ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടറായി പ്രമോഷൻ ലഭിച്ചു. 18.5.2023 മുതൽ സ.ഉ(സാധാ)1137/2023/അകുവ തീയതി 12.5.2023 പ്രകാരം അഡ്മിനിസ്ട്രേഷൻ ആന്റ് ട്രയിനിംങ് വിഭാഗം അഡീഷണൽ ഡയറക്ടറുടെ ചുമതല വഹിച്ചു വരുന്നു. താൻ ജോലി ചെയ്ത സ്ഥങ്ങളിലെല്ലാം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നും മേലുദ്യോഗസ്ഥരിൽ നിന്നും അഭിനന്ദനങ്ങൾ ലഭിച്ചിട്ടുമുണ്ട് . തനിക്കെതിരെ ഒരു പരാതിയോ അഴിമതിയോ ആരോപണമോ അന്വേഷണമോ ഒന്നും

ഇല്ല.സത്യസന്ധമായും ആത്മാർത്ഥമായും മാത്രമേ ജോലി ചെയ്തിട്ടുള്ളൂ.റിട്ടർ ചെയ്യാൻ തനിക്ക് 147 ദിവസം കൂടിയേ ഉള്ളൂ. അതിനാൽ 9.12.2024ലെ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് അറിയിച്ചു.കൂടാതെ ഹൃദയ സംബന്ധമായ ചില ആരോഗ്യ പ്രശ്നങ്ങൾക്ക് മരുന്നു കഴിച്ചുകൊണ്ടിരിക്കുന്നു.നിലവിൽ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്കൊപ്പം താമസിക്കുന്നു. 147 ദിവസത്തേക്ക് മറ്റൊരു ജില്ലയിൽ താമസം സ്ഥലം കണ്ടെത്തി ജോലി ചെയ്യുന്നത് ബുദ്ധിമുട്ടും മാനസിക സംഘർഷവും ഉണ്ടാക്കുന്ന കാര്യമാണ്.

ഡോ. ആശാദേവി

22.9.2024ലെ സ.ഉ(സാധാ)2295/24/ആകുവ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചു. തുടർന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി 1010.2024 ന് ചാർജ്ജ് എടുത്തു.ഹോം സ്റ്റേഷൻ കോഴിക്കോടാണ്.ഭർത്താവിന് പ്രോഗ്രസ്സീവ് മസ്കുലാർ വ:ീക്ക്നസ് എന്ന രോഗമാണ്. അമ്മയ്ക്ക് കിഡ്നിയുമായി ബന്ധപ്പെട്ട് രോഗമായതിനാൽ ഒന്നിടവിട്ട ദിവസങ്ങളിൽ ഡയാലിസിസ്സ് ചെയ്യണം പ:ിതാവിന് ഡിമെൻഷ്യയാണ്.മേൽ പറയുന്ന വ്യക്തികളുടെ കാര്യങ്ങൾ താനും കൂടി നോക്കേണ്ടി വരുന്ന സാഹചര്യത്തിലും റിട്ടയർ ആകാൻ ഏതാണ്ട് 1.5 വർഷം കൂടിയെ ബാക്കിയുള്ളൂ എന്നതിനാൽ കോഴിക്കോട് ട്രാൻസഫർ അനുവദിക്കപ്പെട്ടത് ഉപകാരപ്രദമായ: കരുതനാവൂ. തന്റെ ഹോസ്റ്റേഷനായതിനാലാണ് 3.12.24 മുതൽ അവധിയിലായിരുന്നെങ്കിലും ട്രാൻസ്ഫർ ഓർഡർ ലഭിച്ച ഉടനെ ജോലിയിൽ പ്രവേശിക്കാൻ ഉണ്ടായ സാഹചര്യം. നിപ , കൊറോണ എന്നിയുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസറായി പ്രവർത്തിച്ചിട്ടുണ്ട്. 2015 ഡിസംബർ മുതൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്തിരുന്നു,2016ൽ വയനാട്ടിലേക്ക് സ്ഥലമാറ്റം ലഭിച്ചു. 2016 ഡിസംബർ മുതൽ ഫെബ്രുവരി 2 0 2 1 വരെ കോഴിക്കോടും തുടർന്ന് ജനുവരി 2 0 2 3 വരെ തലശേശേരിയിലും ശേഷം സെപ്റ്റംബർ 2 0 2 4 ൽ പ്രമോഷൻ ആകുന്നത് വരെ കോഴിക്കോട് സൂപ്രണ്ടായി ജോലി ചെയ്തിരുന്നു. തനിക്കെതിരെ ഒരു വിധ അച്ചടക്ക നടപടിയോ അന്വേഷണമോ നിലവിലില്ല.

ഡോ. രാജാറാം കിഴക്കേകണ്ടിയിൽ

12.2.2023ലെ സ.ഉ(സാധാ)1133/2023/ആകുവ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടറായി പ്രമോഷൻ ലഭിച്ചു. 1.6.203ൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. 22.11.2023 ന് അഡീഷണൽ ഡയറക്ടർ (ടിബി) ആയി സ്ഥലമാറ്റം ലഭിച്ചു.തുടർന്ന് കണ്ണൂർ ജില്ലയിലേക്ക് സ്ഥലമാറ്റം നൽകണമെന്ന അഭ്യർത്ഥനയോടെ ഒഎ877/2024 കേസ് ഫയൽ ചെയ്യുകയും ആയതിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് 9.12.2024ലെ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. 8.12.20216 വരെ കണ്ണൂരാണ് ജോലി ചെയ്തത്. ശേഷം 6വർഷം 5മാസം 24ദിവസം കാസർഗോഡ്,കോഴിക്കോട് 5 മാസം,തിരുവനന്തപുരത്ത് 1 വർഷവും 1 മാസവും 13 ദിവസവും ജോലി ചെയ്തു . ഒഎ877/2024 യിലെ ട്രിബ്യൂണൽ ഉത്തരവ് നടപ്പിലാക്കി കണ്ണൂർ തന്നെ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. സക്കീന

29.9.2022ലെ സ.ഉ(സാധാ)2382/2022/ആകുവ ഉത്തരവ് പ്രകാരം പബ്ലിക്ക് ഹെൽത്ത് അഡീഷണൽ ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചു. ടിബി പ്രോഗ്രാമിന്റെ ഭാഗമാകാൻ അതീവ താൽപര്യമുള്ളതിനാൽ അഡീഷണൽ ഡയറക്ടർ(ടിബി) ആയി നിയമിക്കണമെന്ന അപേക്ഷ നൽകിയെങ്കിലും 3.1.2023ലെ സ.ഉ(സധാ)2888/2023/ആകുവ ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി സ്ഥലംമാറ്റം നൽകി.തിരുവനന്തപുരത്താണ് കുടുംബമായി താമസിക്കുന്നതെന്നിനാൽ ഈ സ്ഥലമാറ്റം വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. തുടർന്ന് 27.9.2024 ലെ സ.ഉ(സാധാ)2295/2024/ആകുവ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആയി തിരുവനന്തപുരത്തേക്ക സ്ഥലമാറ്റം ലഭിക്കുകയുണ്ടായി.താൻ പബ്ലിക്ക് ഹെൽത്ത് സ്പെഷ്യലിസ്റ്റ് ആണ് എന്നും ശ്രീ ചിത്തിര ഇൻഡസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിൽ നിന്നും എം പി എച്ച് ചെയ്തെന്നും ഹാർവാർഡ് യുണിവേഴ്സിറ്റിയിൽ നിന്നും പബ്ലിക്ക് ഹെൽത്തിൽ ഹ്രസ്വകാല കോഴ്സ് ചെയ്തുവെന്നും അറിയിച്ചു.ഹെൽത്ത് ആന്റ് മാനേജ്മെന്റ് സംബന്ധിച്ച കോഴ്സ് ,പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കോഴ്സ് അഡ്മിനിസ്ട്രേറ്റീവ് ട്രയിനിംങ്ങുകൾ,ഹെൽത്ത് കോൺഫറൻസുകളിൽ പങ്കെടുക്കുകയും , പബ്ലിക്കേഷനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.ഇതൊക്കെയും ഹെൽത്ത് കെയറുമായി ബന്ധപ്പെട്ട മേഖലയിൽ സേവനം നൽകുന്നതിന് സഹായകരമായിട്ടുണ്ട്.. 31.5.2027 ആണ് റിട്ടയർ മെന്റ് തീയതി. എൻ ടി ഇ പി യുടെ ഭാഗമായിട്ടുള്ളതിനാലും ടിബിയുമായി ബന്ധപ്പെട്ട വിഷയത്തിൽ താൽപര്യമുള്ളതിനാലും അഡീഷണൽ ഡയറക്ടർ(ടിബി) ആയോ അഡീഷണൽ ഡയറക്ടർ(വിജിലൻസ്)ആയോ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. രാജേന്ദ്രൻ

അസിസ്റ്റന്റ് സർജനായി 2.5.1996ൽ ഹെൽത്ത് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു.ആദ്യ പോസ്റ്റിംങ് കണ്ണൂർ വളപട്ടണം സർക്കാർ ആശുപത്രിയിൽ ആയിരുന്നു..പിന്നീട് ജില്ലാ ഇമ്മ്യൂണൈസേഷൻ ഓഫീസറായി കണ്ണൂരിലേക്ക് സ്ഥലം മാറ്റം ലഭിച്ച വേൾഡ് ഹെൽത്ത ഓർഗനൈസേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മെഡിക്കൽ കൺസൽട്ടന്റായി നിയമിതനായി. 2009ൽ സിവിൽ സർജനായി പ്രമോഷൻ ലഭിച്ചു.ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ,.ആർ സി എച്ച് ഓഫീസർ കോഴിക്കോട്, പ്രിൻസിപ്പൽ എച്ച്&എഫ് ഡബ്ല്യു ടി സി കോഴിക്കോട്, സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ വടകര,താലൂക്ക് ഹോസ്പിറ്റൽ കുറ്റ്യാടി ,കോഴിക്കോട്, എന്നിവിടങ്ങളിൽ ഇക്കാലയളവിൽ ജോലി ചെയ്തു. 2015ൽഡെപ്യൂട്ടി ഡയറക്ടറായി പ്രമോഷൻ ലഭിച്ചു.തിരുവനന്തപുരം ജില്ലാ മോഡൽ ആശുപത്രി സൂപ്രണ്ടായി പോസ്റ്റിംങ് ലഭിച്ചു.തുടർന്ന് മെന്റൽ ഹെൽത്ത് സെന്റർ സൂപ്രണ്ടായി 3 വർഷം സേവനം ചെയ്തു.അതിനു ശേഷം കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ടായി 16മാസം,കോഴിക്കോട് അഡീഷണൽ ഡിഎം ഒ ആയി 23മാസം,കോഴിക്കോട് ജനറൽ ആശുപത്രി

സൂപ്രണ്ടായി 7മാസവും,കോഴിക്കോട് സർക്കാർ മെന്റൽ ഹെൽത്ത് സെന്ററിൽ 5മാസം ജോലി ചെയ്തു. 2018,2021ൽ നിപ പടർന്ന് പിടിച്ചതിനെ തുടർ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു 2019ൽ കോവിഡ് സമയത്ത് കാസർഗോഡ് ജനറൽ ആശുപത്രിയിൽ അഡീഷണൽ സൂപ്രണ്ടായി പ്രവർത്തിച്ചു.മെന്റൽ ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച നാളുകളിൽ സെന്ററിന്റെ പുരോഗതിക്കും , രോഗം ഭേദമായവരെ അവരുടെ കുടുംബവുമായി കൂടി ചേരുന്നതിനും റീഹാബിലിറ്റേഷൻ സെന്ററുകളിൽ പുനരധിവസിപ്പിക്കുന്നതിനും സാധിച്ചു. 2022ൽ സ.ഉ(സാധാ)2758/22/ആകുവ തീയതി 17.11.2022പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുകയും തിരുവനന്തപുരം സ്റ്റേറ്റ് ടിബി സെല്ലിൽ പോസ്റ്റിംങ് ലഭിക്കുകയും ചെയ്തു. 6.5 മാസത്തിനും ശേഷം അഡീഷണൽ ഡയറക്ടർ (പ്ലാനിംങ്) ആയി നിയമിച്ചു തുടർന്ന് 14.11.2023ൽ കോഴിക്കോട് ഡിഎംഒ ആയി ട്രാൻസ്ഫർ നൽകി. മഞ്ചേരി മെഡിക്കൽ കോളേജ് പ്രൊഫസറായ ഭാര്യക്ക് ഇടുക്കിയിലേക്ക് സ്ഥലംമാറ്റം ലഭിക്കുകയും ഏകമകൾ ഹൈദ്രാബാദിൽ ബിടെക് പഠനത്തിനായി ചേർന്ന അവസരമാണ്. മാതാപിതാക്കൾ കണ്ണൂരാണ് താമസം .മാതാവിന് കഴുത്തുമായി ബന്ധപ്പെട്ട് ഒടിവ് വന്നതിനെ തുടർന്ന് മേജർ സർജറി ആവശ്യമായി വന്നുവെന്നും, ഈ അവസരത്തിലുള്ള ട്രാൻസ്ഫർ ,തന്റെ സാമീപ്യം മാതാപിതാക്കൾക്ക് ആവശ്യമായസമയത്ത്, ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും അറിയിച്ചു..താൻ 10.12.2024ന് ഡോക്ടർ ആശാദേവിക്ക് ചാർജ്ജ് കൈമാറിയെന്നും എന്നാൽ തന്നെ കേൾക്കാതെ വേഗത്തിൽ നടത്തിയ ട്രാൻസ്ഫർ ആയതിനാലാണ് ട്രൈബ്യൂണലിനെ സമീപിക്കേണ്ടതായി വന്നതെന്നും അറിയിച്ചു.ഡോക്ടർ ആശാദേവി ഏറ്റവും ജൂനിയറായ ഡോക്ടറാണ്.അഡീഷണൽ ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് രണ്ടുമാസം മാത്രമാണ് എറണാകുളം ജില്ലയിൽ ഡിഎം ഒ ആയി ജോലി ചെയ്തത്.തനിക്ക് ഹെൽത്തുമായി ബന്ധപ്പെട്ട് വിവിധ ട്രയിനിംങ് പ്രോഗ്രാം ,വർക്ക്ഷോപ്പുകൾ , കോഴ്സുകളിൽ പങ്കെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.അതിനാൽ വിവിധ മേഖലകളിലുള്ള തന്റെ പ്രവർത്തി പരിചയം, പ്രാവീണ്യം ,അറിവ് ആരോഗ്യമേഖലയുടെ ഉന്നമനത്തിനായി ഉപയോഗിക്കാവുന്നതാണെന്നും അറിയിച്ചു.അതിനാൽ ട്രാൻസ്ഫർ ഉത്തരവ് റദ്ദ് ചെയ്ത് കോഴിക്കോട് ഡിഎം ഒ ആയി തുടരുന്നതിന് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. അനിത

27.9.24ലെ സ.ഉ(സാധാ)2295/2024/ആകുവ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടറായി പ്രമോഷൻ ലഭിച്ചു. 30.10.2024ൽ കൊല്ലം ഡിഎം ഒ ആയി ജോലിയിൽ പ്രവേശിച്ചു.ഹോം സ്റ്റേഷൻ എറണാകുളം ആണ്.31.5.2025ൽ റിട്ടയർ ചെയ്യും. അഡീഷണൽ ഡയറക്ടർ(വിജിലൻസ്) ആയി കിട്ടിയാൽ കൊള്ളാമെന്ന് ഹിയറിംങ് വേളയിൽ അറിയിച്ചു.അതുമല്ലായെങ്കിൽ കൊല്ലം ഡിഎം ഒ ആയി റിട്ടയർ ചെയ്യുന്നത് വരെ തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i).തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(ടിബി) ആയ

ഡോ.രാജാറാം കിഴക്കേകണ്ടിയിലിനെ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറായി നിയമിക്കുന്നു.

അഡീഷണൽ ഡയറക്ടറും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുമായ ഡോ. രാജാറാം കിഴക്കേകണ്ടിയിലിന് സ്ഥലംമാറ്റം നൽകി അഡീഷണൽ ഡയറക്ടർ (ടി.ബി) ആയി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവായിരുന്നു. കോഴിക്കോട് നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള സ്ഥലംമാറ്റത്തിനെതിരെ ഡോക്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ നം. 877/2024 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത OA യിന്മേലുള്ള 07.08.2024 തീയതിയിലെ ബഹു. ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ സ്ഥലമാറ്റം.

ii) നിലവിൽ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറായി സേവനം ചെയ്യുന്ന ഡോ.പീയുഷ് .എം നെ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറായി നിയമിക്കുന്നു.

കണ്ണൂർ ജില്ലയിലെ ബഹു.പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി Special Protection Group (SPG) Officer 08.08.2024-ന് വിളിച്ച ചേർത്ത അഡ്വാൻസ് സെക്യൂരിറ്റി ലൈസൺ മീറ്റിംഗിൽ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ ഡോ. പിയുഷ്.എം. നിരുത്തരവാദപരമായി വിട്ടുനിന്നു എന്നും അന്നേ ദിവസം 6 pm -ന് മുമ്പായി നൽകേണ്ടിയിരുന്ന ചെക്ക് ലിസ്റ്റ് സമയബന്ധിതമായി നൽകിയില്ലായെന്നും അടുത്ത ദിവസം നടന്ന ട്രയൽ റണ്ണിൽ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള ജീവനക്കാർ പങ്കെടുക്കാത്തതിനാൽ ആരോഗ്യ വകുപ്പിനെ ഒഴിവാക്കി മറ്റ് വകുപ്പുകളുടെ സെക്യൂരിറ്റി റിഹേഴ്സൽ നടത്തേണ്ടിവന്നുവെന്നും ഇപ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ നിരുത്തരവാദപരമായ പെരുമാറ്റം ബുദ്ധിമുട്ടുണ്ടാക്കിയെന്നും ഇതിനു മുൻപും ഇത്തരത്തിലുള്ള പെരുമാറ്റം ടി ആഫീസറിൽ നിന്നും ഉണ്ടായിട്ടുണ്ടെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ഈ വിഷയത്തിൽ അന്വേഷണം നടത്തി ടി ആഫീസർക്ക് കർശന നിർദ്ദേശം നൽകണമെന്നും കാണിച്ച് ജില്ലാ കളക്ടർ പരാതി നൽകുകയുണ്ടായി .ഇത് ഗൗരവതരമായ വിഷയമാണ്. ഈ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാളെ കണ്ണൂര് നിന്നും മാറ്റി നിയമിക്കേണ്ടതുണ്ട് അങ്ങനെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റപ്പെടുമ്പോൾ ഹോംസ്റ്റേഷനിൽ നിയമിക്കാറില്ല.അതിനാൽ ടിയാളുടെ ഹോംസ്റ്റേഷനായ കോഴിക്കോട് നിയമനത്തിന് അർഹനല്ല

iii) നിലവിൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ഡോ.അനിത.എ -യെ,എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി നിയമിക്കുന്നു.

ഡോ അനിത 31.5.2025 ന് വിരമിക്കുന്നതിനാലാണ് ടി മെഡിക്കൽ ഓഫീസറുടെ ഹോംസ്റ്റേഷനായ എറണാകുളത്ത് നിയമനം നൽകിയിട്ടുള്ളത്.

i v ) നിലവിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ഡോ.ആശാദേവിയെ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറായി നിയമിക്കുന്നു.

മാതാപിതാക്കളുടെയും ഭർത്താവിന്റെയും ഗുരുതരമായ രോഗാവസ്ഥ കണക്കിലെടുത്ത്

അനുകമ്പാർഹമായ കാരണത്താലും വിരമിക്കാൻ ഏതാണ്ട് 1.5 വർഷം കൂടിയെ ബാക്കിയുള്ളൂ എന്നത് കണക്കിലെടുത്തുമാണ് ടിയാൾക്ക് ഹോംസ്റ്റേഷനായ കോഴിക്കോട് ജില്ലയിലേക്ക് നിയമനം നൽകിയിട്ടുള്ളത്.

v) നിലവിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ഡോ.രാജേന്ദ്രൻ എൻ- നെ തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(വിജിലൻസ്) ആയി നിയമിക്കുന്നു.

തിരുവനന്തപുരത്ത് ജോലി ചെയ്തു വരുന്ന അവസരത്തിൽ മകളുടെ പഠനവുമായി ബന്ധപ്പെട്ട് കോഴിക്കോട് തന്റെ സാനിദ്ധ്യം ആവശ്യമാണെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ വളരെ അനുകമ്പാർഹമായ സമീപനം സ്വീകരിച്ചതാണ് ഡോക്ടർ കോഴിക്കോട് സേവനം അനുഷ്ഠിക്കാനുണ്ടായ സാഹചര്യം. ഇപ്പോൾ മകൾ ഉപരിപഠനാർത്ഥം അന്യ സംസ്ഥാനത്താണ്. നിലവിൽ കോഴിക്കോട് തുടരേണ്ടതായ സാഹചര്യം ഇല്ല. മാത്രമല്ല, സീനിയറായ ഒരു ഡോക്ടറുടെ സേവനം തിരുവനന്തപുരത്ത് ആവശ്യമായതിനാലാണ് ഡോക്ടറെ തിരികെ തിരുവനന്തപുരത്ത് നിയമിച്ചിട്ടുള്ളത്.

vi) നിലവിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(വിജിലൻസ്) ആയി സേവനം അനുഷ്ഠിക്കുന്ന ഡോ.സക്കീന .കെ യെ തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(ടിബി) ആയി നിയമിക്കുന്നു.

ഡോക്ടർക്ക് ടിബി അനുബന്ധ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പ്രവർത്തി പരിചയം ഉള്ളതിനാലാണ് ഈ നിയമനം.

vii) തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(എ&റ്റി) ആയി സേവനം അനുഷ്ഠിക്കുന്ന ഡോ.ജയശ്രീ.വി യെ ഇതേ തസ്തികയിൽ തുടരാൻ അനുവദിക്കുന്നു

ആരോഗ്യപരമായ കാരണത്താലും സേവനത്തിൽ നിന്നും വിരമിക്കാൻ അഞ്ച് മാസത്തിൽ താഴെ കാലയളവ് മാത്രമേ ഉള്ളൂ എന്നത് കണക്കിലെടുത്തും ആണ് ഈ നിയമനം.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം /തിരുവനന്തപുരം

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by

Anupama G Nair

Date: 22-01-2025 09:50:05

മേലെഴുത്ത് കത്ത് നമ്പർ ആ.വ.ഡ./28690/2024/ഇ.ആർ,1/22.01.2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടിക്കായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർ

22/1/25